# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1182 — 13.06.2013 ൽ മറുപടിക്ക്

## വിപണി ഇടപെടൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിയുടെ കീഴിൽ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സാധനങ്ങൾ കുറഞ്ഞ നിരക്കിലും വിലയിലും നൽകാൻ പദ്ധതിയിൽ സൗകര്യമൊരുക്കുമോ?

എ, ബി, സി, ഡി — പൊതു വിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടത്തി വരുന്ന വിപണിയിടപെടൽ പദ്ധതി ഇപ്പോഴും കാര്യക്ഷമമായി തുടർന്ന് വരുന്നുണ്ട്. ഇതനുസരിച്ച്

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ താഴെ പറയുന്ന വിലയിൽ സപ്ലൈകോയുടെ 1300 ചില്ലറ വിൽപ്പനശാലകളിലൂടെ വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | 2012 ലെ വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന്(ബോൾ) | 36.00 |
| 3 | വൻകടല | 44.00 |
| 4 | വൻപയർ | 26.50 |
| 5 | തുവരപ്പരിപ്പ് | 34.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 45.90 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 19.00 |
| 11 | മട്ട അരി | 16.00 |
| 12 | പച്ചരി (സോർട്ടക്സ്) | 16.00 |
| 13 | വെളിച്ചെണ്ണ | 62.00 |

2. അരിവില നിയന്ത്രിക്കുന്നതിനു വേണ്ടി ' അരിക്കട' പദ്ധതി പ്രകാരം മട്ട, കുറുവ, ജയ, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 19 രൂപ, 21 രൂപ, 16 രൂപ എന്നീ ക്രമത്തിൽ പ്രതിമാസം കാർഡ് 1 ന് 20 കി.ഗ്രാം വരെ പൊതുജനങ്ങൾക്ക് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം (OMSS) പ്രകാരം പുഴുക്കലരി 19.50 രൂപ, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നു.

3. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലയിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി / തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തീരദേശ, മലയോര പ്രദേശങ്ങളിൽ കേന്ദ്രസഹായത്തോടുകൂടി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹു. ശ്രേയാംസ് കുമാർ എം.എൽ.എ.യുടെ ഫണ്ടിൽ നിന്നും അനുവദിച്ച തുകയിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ കൽപ്പറ്റ ഡിപ്പോയുടെ കീഴിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

5. നല്ല ഗുണനിലവാരമുള്ള ഗോതമ്പ് പൊടി സപ്ലൈകോ ഫോർട്ടിഫൈഡ് ആട്ട എന്ന പേരിൽ 12 രൂപ നിരക്കിൽ 14000 റേഷൻ കടകൾ വഴിയും ആയിരത്തി മുന്നൂറോളം സപ്ലൈകോ

വില്പന ശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു.

6. എ. ആർ.ഡി. ശബരി സ്റ്റോറുകൾ , തീര മൈത്രി സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 30% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

8. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നിവ കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം ശബരി ബ്രാൻഡിൽ പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു.

9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു. ഈസ്റ്റർ - വിഷു ഉത്സവകാലത്ത് സാധാരണയായി സപ്ലൈകോ വിൽപ്പനശാലകളോട് അനുബന്ധിച്ച് നടത്തുന്ന ഫെയറുകൾക്കു പുറമേ ഈ വർഷം തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, തലശ്ശേരി, കോട്ടയം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലും പ്രത്യേക ഈസ്റ്റർ, വിഷു ഫെയറുകൾ നടത്തുകയുണ്ടായി.

വിപണിയിടപെടൽ പദ്ധതി വഴി സപ്ലൈകോ അവശ്യ സാധനങ്ങൾ പൊതു ജനങ്ങൾക്ക് പൊതു വിപണി

വിലയേക്കാൾ കുറഞ്ഞ വിലയ്ക്കും കൃത്യമായ അളവിലും തൂക്കത്തിലും ലഭ്യമാക്കി വരുന്നു.

മേൽ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക വഴി കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ആവശ്യത്തിന് സാധനങ്ങൾ എത്തിക്കുന്നതു മൂലം വിപണിയിലെ ക്രമാതീതമായ വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ